31 (2216) എ.എം. വി.ഐ. നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എം.വി.ഐ. നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നാണ്;

(ബി) ഈ ലിസ്റ്റ് നിലവിൽ വന്നതുമുതൽ ഇതുവരെ നിയമനത്തിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു;

(സി) ഇതുവരെ പി.എസ്.സി. എത്ര ഒഴിവുകളിലേക്ക് നിയമനത്തിനായി അഡ്വൈസ് ചെയ്തു എന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

32 (2217) പേഴ്സണൽ സ്റ്റാഫിനു ലഭിക്കുന്ന പെൻഷൻ

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവർക്ക് പെൻഷൻ ലഭിക്കുന്നതിന് അവർ കൈപ്പറ്റിയ ഗ്രാറ്റുവിറ്റി തുക തിരിച്ചടയ്ക്കണമെന്ന് നിബന്ധന വച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് അർഹരായവർക്ക് ഗ്രാറ്റുവിറ്റി നൽകാൻ വ്യവസ്ഥ ഉണ്ടായിരുന്നു. പെൻഷൻ പദ്ധതി നടപ്പാക്കിയപ്പോൾ ഇതിനായി നിശ്ചയിച്ച അപേക്ഷാഫാറത്തിൽ തന്നെ മുമ്പു വാങ്ങിയ ഗ്രാറ്റുവിറ്റി തിരിച്ചടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്.

33 (2218) വികലാംഗ ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ലഭിക്കുകയും തുടർന്ന് പല സർക്കാർ ഉത്തരവുകൾ മുഖേന സ്ഥിരം ജീവനക്കാരായി നിയമനം ലഭിക്കുകയും ചെയ്ത വികലാംഗ ജീവനക്കാരുടെ താൽക്കാലിക നിയമനകാലത്തെ സർവ്വീസ് പ്രൊമോഷന് പരിഗണിക്കാൻ നിയമം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിലേക്ക് നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly